വിനിമയം ചെയ്യാൻ കഴിയും. ഓൺലൈനിലൂടെ തൊഴിലവസരങ്ങൾ പരിശോധിച്ച് അപേക്ഷിക്കാനും തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുന്നതിന് പേര് രജിസ്റ്റർ ചെയ്യാനും ഇത് അവസരം ഒരുക്കുന്നു.

തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശതൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിന് പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. സാങ്കേതിക വൈദഗ്ധ്യം, ആശയവിനിമയ വൈദഗ്ധ്യം, നിയമന നടപടികൾ, വിസ, തൊഴിൽക്കരാർ, കുടിയേറ്റം എന്നിവ സംബന്ധിച്ച ബോധവത്ക്കരണവും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും പുനർസംയോജനത്തിനുമുള്ള (Skill upgradation & Re-integration) പരിശീലന പരിപാടികൾ നടപ്പാക്കുന്നത്.

നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ, ഇവയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്.

ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി

53 (5400) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സിൽ ഏതെല്ലാം കാലയളവിലാണ് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാരെയാണ് ഇങ്ങനെ സ്ഥിരപ്പെടുത്തിയതെന്നും അവർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നോ എന്നും വ്യക്തമാക്കുമോ ;

(സി) താൽക്കാലിക ജീവനക്കാരെ നോർക്ക റൂട്ട്സിൽ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നോർക്ക റൂട്ട്സ് 2005-ൽ ഒരു പ്രൈവറ്റ് കമ്പനി ആയിരുന്നപ്പോൾ 28-11-2005-ൽ കൂടിയ നോർക്ക റൂട്ട്സിന്റെ പതിനഞ്ചാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം താൽക്കാലിക ജീവനക്കാരായി ജോലി ചെയ്തിരുന്ന 26 പേരെ സ്ഥിരപ്പെടുത്തുകയുണ്ടായി.

(ബി) സീനിയർ എക്സിക്യൂട്ടീവ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, അക്കൗണ്ടന്റ്, ജൂനിയർ എക്സിക്യൂട്ടീവ്, പേഴ്സണൽ അസിസ്റ്റന്റ്, ഡ്രൈവർ, അറ്റൻഡർ, സ്വീപ്പർ എന്നീ തസ്തികയിലുള്ള ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയത്. 2005-ൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ എല്ലാവരും അന്ന് നിലവിലുള്ള സർവ്വീസ് റൂൾസ് പ്രകാരം നിശ്ചിത യോഗ്യതയുള്ളവർ ആയിരുന്നു.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. (ജി.ഒ. (എംഎസ്.) നമ്പർ 01/2011/നോർക്ക തീയതി 24-2-2011)*

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം

54 (5401) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾ വോട്ട് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുവാൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്തിരുന്നുവോ ;

(ബി) പ്രസ്തുത യോഗം എന്നായിരുന്നുവെന്നും, ആരെല്ലാം പങ്കെടുത്തു എന്നും വ്യക്തമാക്കുമോ ;

(സി) ഈ യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രവാസി വോട്ടവകാശം വിനിയോഗിക്കുന്നതിനെപ്പറ്റി വിസ്മമതം അറിയിക്കുകയോ, പിന്നീട് അഭിപ്രായം പറയാം എന്ന് രേഖപ്പെടുത്തുകയോ ചെയ്ത കക്ഷികളുണ്ടോ ; എങ്കിൽ ആരെല്ലാമാണ് ;

(ഇ) യോഗത്തിന്റെ പൊതുവികാരം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കുന്നതിന് പ്രവാസികൾക്ക് അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.